പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1797 16.06.2014 ൽ മറുപടിക്ക്

<u>പോലീസ് സേനയും ജനങ്ങളും തമ്മിലുള്ള അനുപാതം</u>

| ചോദ്യം<br>**ശ്രീ.പി.സി.വിഷ്ണുനാഥ്**<br>**ശ്രീ.ഷാഫി പറമ്പിൽ**<br>**ശ്രീ.ആർ.സെൽവരാജ്**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | മറുപടി<br><br>**രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
|---|---|
| എ) പോലീസ് സേനയും ജനങ്ങളും തമ്മിൽ ആവശ്യമായ അനുപാതം കൊണ്ടുവരുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;<br><br>**ബി)** ഇതിനായി പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;വിശദാംശങ്ങൾ എന്തെല്ലാം; | (എ) യും (ബി).യും<br>പോലീസും ജനങ്ങളും തമ്മിലുള്ള അനുപാതം കുറച്ചു കൊണ്ടുവരുന്നതിനായി പോലീസിന്റെ അംഗബലം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| **സി)** സേനയുടെ അംഗബലം എത്ര ശതമാനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ;<br><br>ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദാംശങ്ങൾ ലഭ്യമാക്കുമോ? | **സി)** യും **ഡി**)യും<br>15.02.2012-ൽ കൂടിയ സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ മീറ്റിംഗിലെടുത്ത തീരുമാന പ്രകാരം സംസ്ഥാന പോലീസ് - പൊതുജന അനുപാതം 1:500 ആക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ആയതു പ്രകാരം 68000 പേർ ഉണ്ടാകണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി എല്ലാ വർഷവും 5% വീതം പോലീസ് സേനയിലെ അംഗബലം വർദ്ധിപ്പിച്ച് ലക്ഷ്യത്തിലെത്തണമെന്ന സംസ്ഥാന പോലീസ് മേധാവിയുടെ ശുപാർശ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ